**Malayala Manorama**

**27 August 2018**

**Kochi, After Flood, Flood Relief**

# ‘കൂടെയുണ്ട് നാട്’: സഹായ പ്രവാഹം തുടരുന്നു

കൊച്ചി • പ്രളയബാധിത പ്രദേശങ്ങളിലെ ദുരിതാശ്വാസത്തിനായി മലയാള മനോരമ പനമ്പിള്ളി നഗർ ഓഫിസിൽ ഒരുക്കിയ കലക്ഷൻ സെന്ററിലേക്ക് സഹായ പ്രവാഹം തുടരുന്നു.

ഓണാഘോഷങ്ങളുടെ പകിട്ടു കുറച്ച് ഒട്ടേറെപ്പേർ സഹായവസ്തുക്കൾ കലക്ഷൻ സെന്ററിലെത്തിക്കുന്നു.

തിരുവോണത്തിനും ഇന്നലെയും കലക്ഷൻ സെന്ററിലേക്ക് അവശ്യവസ്തുക്കൾ പ്രവഹിച്ചു. പ്രളയദുരന്തത്തിൽ നിന്നു കേരളത്തെ കൈപിടിച്ചുയർത്താൻ ‘കൂടെയുണ്ട് നാട്’ എന്ന പേരിൽ ആരംഭിച്ച കലക്ഷൻ സെന്റർ രാവിലെ ഒൻപതു മുതൽ രാത്രി ഒൻപതു വരെ പ്രവർത്തിക്കുന്നു. വീടുകൾ ശുചിയാക്കാനായി ബ്രഷുകൾ, ലോഷനുകൾ, മൺകോരി, ചൂലുകൾ, നീളൻ പിടിയുള്ള സ്ക്രബറുകൾ തുടങ്ങിയവയാണ് ഇപ്പോൾ ആവശ്യം. ഭക്ഷണ സാമഗ്രികളുടെ കൂട്ടത്തിൽ വെളിച്ചെണ്ണ, പഞ്ചസാര, മസാല എന്നിവയും ആവശ്യമുണ്ട്.